# ഇസ്‌ലാം:
# അടിസ്ഥാന സാമ്പത്തികതത്വങ്ങൾ

*A Keynote Address in Singapore*

**ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ്(അയ്യദഹു)**

**ഖലീഫത്തുൽ മസീഹ് V**

**ആഗോള അഹ്‌മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ തലവൻ.**



The venue for the historic function, the Mandarin Oriental, is the second large building from the right.




**ഏറ്റവും വികസിത സാമ്പത്തികശക്തികളിലൊന്നായ സിംഗപൂരിൽ 2013 സെപ്തംബർ 26ന്ന് നടത്തിയ ചരിത്രപ്രധാനമായ ഒരു പരിപാടിയിൽ നിരവധി അതിവിശിഷ്ട വ്യക്തികളെ അഭിസംബോധനം ചെയ്തുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഖലീഫത്തുൽ മസീഹ് V നടത്തിയ പ്രഭാഷണം.**

**വേദി:** മൻഡാറിൻ ഓറിയന്റൽ, മറീനാ സ്ക്വയർ, സിംഗപൂർ

**സമയം :** 2013 സെപ്തംബർ 26 വൈകിട്ട്

**അതിഥികൾ :** നൂറിലധികം അതിഥികൾ സന്നിഹിതരായിരുന്നു. സിംഗപൂർ ഭരിക്കുന്ന പീപിൾസ് ആക്ഷൻ പാർട്ടിയുടെ സ്ഥാപകാംഗവും നിരവധി രാജ്യങ്ങളിലെ അംബാസഡറുമായിരുന്ന മിലീ കൂൽ ചോയിയും സദസ്സിനെ അഭിസംബോധന ചെയ്യുകയുണ്ടായി. കഴിഞ്ഞ ദശാബ്ദങ്ങളിൽ ഇസ്‌ലാമിന്റെ നാമം എപ്രകാരമാണ് കളങ്കിതമായതെന്ന് നാം കണ്ടുകഴിഞ്ഞു. ഇസ്‌ലാമിന്റെ യാഥാർത്ഥമായതും സമാധാനപൂർണ്ണവുമായ മുഖം അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിനെ അദ്ദേഹം പ്രകീർത്തിക്കുകയുണ്ടായി.

**മുഖ്യപ്രഭാഷകൻ:** ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) (ഖലീഫത്തുൽ മസീഹ് – അഞ്ചാമൻ) ആഗോള അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ തലവൻ.




Mr. Lee Koon Choy speaking before His Holiness.

## മുഖ്യഭാഷണം

*ബിസ്മില്ലാഹിർറഹ്മാനി റഹീം* (പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ.

*അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്* (അല്ലാഹുവിന്റെ ശാന്തിയും സമാധാനവും നിങ്ങളിൽ വർഷിക്കട്ടെ)

ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേരുകയും നിറസാന്നിദ്ധ്യം കൊണ്ട് ഈ സദസ്സിനെ അനുഗ്രഹിക്കുകയും ചെയ്ത നിങ്ങൾക്കെല്ലാവർക്കും ആദ്യമായി എന്റെ ഹാർദ്ദമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഒരു രാഷ്ട്രതലവന്റെയോ ശാസ്ത്രപ്രമുഖന്റേയോ വിദഗ്ദന്റെയോ ഉന്നതസ്ഥാനീയനായ ഒരു രാഷ്ട്രീയ നേതാവിന്റെയോ ക്ഷണം സ്വീകരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഒരു ഇസ്‌ലാംമതവിഭാഗം സംഘടിപ്പിച്ച സ്വീകരണ പരിപാടിയിൽ സംബന്ധിക്കാനാണ് നിങ്ങൾ ഇവിടെ എത്തിചേർന്നത്. നിങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുമായോ ഞങ്ങളുടെ മതവുമായോ പോലും ബന്ധപ്പെട്ടവരല്ല. തീർച്ചയായും നിങ്ങളുടെ വിശാലമനസ്ക്കതയും ഉന്നതമായ ധാർമികനിലവാരവും ഇതിൽ പ്രതിഫലിക്കുന്നു. ഭൗതികരംഗത്തുള്ള നേതാക്കന്മാരുമായി ബന്ധം സ്ഥാപിക്കുന്നത് ലൗകികമായ നമ്മുടെ കെട്ടുപാടുകളിൽ വർദ്ധനവുണ്ടാക്കുകയും വിപുലമായ ബന്ധങ്ങൾക്ക് വഴിവെക്കുകയും ചെയ്യുന്നു. ഒരു ശാസ്ത്രവേദിയിൽ ഒരാൾ പങ്കെടുത്താൽ അയാൾക്ക് ശാസ്ത്രത്തിന്റെ പുതിയ നേട്ടങ്ങൾ മനസ്സിലാക്കാനാവും. ഒരാൾ അക്കാദമീഷ്യൻമാരുടെയോ  പണ്ഡിതന്മാരുടെയോ ഒരു സംഘത്തിൽ ചേരുമ്പോൾ അത് അയാളുടെ വിജ്ഞാനവർദ്ധനവിന്ന് കാരണമാവുന്നു. മാത്രമല്ല സമകാലീന ലോകത്ത് ഒരു സാമ്പത്തിക വിദഗ്ദന്റെ അഭിപ്രായം മറ്റെന്തിനേക്കാളും പ്രധാനമുള്ളതായി കണക്കാക്കപ്പെടുന്നു. ഇതിന്ന് കാരണം ആഗോളതലത്തിൽ സാമ്പത്തികപുരോഗതി ലക്ഷ്യം വെച്ച്കൊണ്ട് വമ്പിച്ച യത്നങ്ങൾ നിരന്തരം നടത്തിവരുന്ന അവസരത്തിൽ തന്നെ കഴിഞ്ഞ കുറേവർഷങ്ങളായി ആഗോളവ്യാപകമായി സാമ്പത്തികപ്രതിസന്ധി പരക്കുകയാണ്. സിംഗപൂർ ഒരു ചെറിയ രാജ്യമാണല്ലോ. ലോക സാമ്പത്തിക പുരോഗതിക്കൊപ്പം സിംഗപ്പൂരും അതിന്റെ പങ്ക് നിർവ്വഹിക്കുന്നു. തീർച്ചയായും നിങ്ങളിൽ പലരും ആ സാമ്പത്തിക പുരോഗതിയിൽ യഥാക്രമം ഭാഗഭാക്കാവുന്നവരാണെന്ന് എനിക്കുറപ്പുണ്ട്. ഇക്കാരണത്താൽ തന്നെ സാമ്പത്തികവിദഗ്ദരുടെ പുതിയ സിദ്ധാന്തങ്ങളോ അഭിപ്രായങ്ങളോ അറിയാനും അവരുടെ വിശകലനങ്ങൾ കേൾക്കാനും നിങ്ങൾക്ക് താൽപര്യമുണ്ടാകും. രാഷ്ട്രീയത്തെകുറിച്ച് പറയുകയാണെങ്കിൽ ഗവൺമെന്റുകളും അന്തർദേശീയനയങ്ങളും സമയാസമയങ്ങളിൽ മാറിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. അത്കൊണ്ട് ജനങ്ങൾ രാഷ്ട്രീയക്കാർ പറയുന്ന വീക്ഷണങ്ങൾ പ്രത്യേകതാൽപര്യത്തോടെ ശ്രവിക്കുകയും ഏറ്റവും പുതിയ രാഷ്ട്രീയ സംഭവവികാസങ്ങൾക്കൊപ്പം അണിചേർന്ന് പോകുകയും ചെയ്യുന്നു.

ഏതായാലും മതത്തിന്റെ കാര്യമെടുക്കുമ്പോൾ ലോകത്തെവിടെയും അതിന്ന് കൂടുതൽ പ്രാധാന്യം നൽകാറില്ല. മതകാര്യത്തിൽ അൽപം തൽപരരായവർ പോലും അല്ലെങ്കിൽ മതത്തിന്റെ ആളുകളെന്ന് സ്വയം വിളിക്കുന്നവർ പോലും ഭൗതിക കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. കഴിയുന്നതും മതകാര്യങ്ങൾക്ക് രണ്ടാം സ്ഥാനമാണ് നൽകുക. ഈ കാര്യങ്ങളുടെയെല്ലാം വെളിച്ചത്തിൽ ഒരു ആഗോളമതനേതാവി




ന്റെ ക്ഷണം സ്വീകരിച്ച് ഈ സ്വീകരണപരിപാടിയിൽ എത്തുക എന്നത് നിങ്ങളുടെ ഉന്നതനിലവാരത്തിലുള്ള സഹിഷ്ണുതയുടെയും വിശാലഹൃദയത്വത്തിന്റെയും അടയാളമായി ഞാൻ കാണുന്നു. നിങ്ങളോട് നന്ദി പ്രകടിപ്പിക്കുക എന്നത് എന്റെ പ്രാഥമികമായ ഉപചാരക്രമത്തിന്റെ ഭാഗമാണ്. ഞാൻ അത് നിർവ്വഹിക്കുന്നില്ലെങ്കിൽ അത് എന്റെ മതപരമായ അദ്ധ്യാപനങ്ങളോടുള്ള അവഗണന കൂടിയായിമാറും. ഒരു മനുഷ്യൻ ജനങ്ങളോട് നന്ദി കാണിക്കുന്നില്ലെ കിൽ അയാൾ തന്റെ സ്രഷ്ടാവിനോടും നന്ദി കാണിക്കുന്നില്ല എന്ന ഇസ്‌ലാം മതസ്ഥാപകനായ പരിശുദ്ധപ്രവാചകന്റെ അദ്ധ്യാപനപാഠം ഉള്ളത് കൊണ്ട് കൂടിയാണ് ഞാനിപ്രകാരം ചെയ്യുന്നത്. ഈ നന്ദിഭാവമില്ലെങ്കിൽ എല്ലാ വിധത്തിലുള്ള ആരാധനയും അർത്ഥശൂന്യവും പൊള്ളയുമാണ്.

ഈ ഹ്രസ്വമായ ഉപക്രമത്തിനും നന്ദി പ്രകാശനത്തിന്നും ശേഷം എന്റെ മതത്തിന്റെ അദ്ധ്യാപനങ്ങളെപറ്റി ഏതാനും കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇസ്‌ലാം ലോകത്തിന്ന് ധാർമികവും ആത്മീയവുമായ അധ്യാപനങ്ങൾ നൽകികൊണ്ട് ഉന്നതമായ നിലവാരം നേടിയെടുക്കാൻ ഉപദേശിക്കുന്നു. ഈ അദ്ധ്യാത്മികമായ ശിക്ഷണങ്ങൾ കൂടാതെ സമൂഹത്തിൽ എങ്ങിനെ ജീവിക്കണം എന്നതിനെ കുറിച്ചും എപ്രകാരമാണ് സാമൂഹിക ജീവിതം നിർവ്വഹിക്കേണ്ടത് എന്നത് സംബന്ധിച്ചും ഒരു സമ്പൂർണ്ണ പെരുമാറ്റ സംഹിത നിർദ്ദേശിക്കുന്നു. ഒരു കുടുംബയൂണിറ്റിന്റെ അടിസ്ഥാന ഘടകം മുതൽ അന്തർദേശീയ ബന്ധങ്ങൾവരെ എല്ലാ തലത്തിലുമുള്ള വിശദമായ മാർഗ്ഗനിർദേശങ്ങൾ ഇസ്‌ലാം നൽകുന്നു. കൂടാതെ നമ്മുടെ ധനപരവും സാമ്പത്തികവുമായ ഇടപാടുകൾ എങ്ങിനെ നിർവ്വഹിക്കണം എന്നതിനെ സംബന്ധിച്ച് ഒരു യഥാർത്ഥ മുസ്‌ലിമിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങളെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇസ്‌ലാം നൽകുന്നു. ദൈവത്തോടുള്ള കടമകൾ നിർവ്വഹിക്കാൻ പറയുന്നതോടൊപ്പം തന്നെ ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകളും നിർവ്വഹിക്കാൻ ഖുർആനിലൂടെ നൽകപ്പെട്ട ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നിഷ്ക്കർശിക്കുന്നു. ഈ വിഷയവും ഇത് സംബന്ധിച്ച ഇസ്‌ലാമികാദ്ധ്യാപനങ്ങളും വളരെ വിശാലമാണ്. അവയെല്ലാം ഇന്നൊരു ദിവസം കൊണ്ട് ചർച്ച ചെയ്യുക അസാദ്ധ്യമാണ്. അതുകൊണ്ട് ഇസ്‌ലാം മുന്നോട്ട് വെച്ച സാമ്പത്തിക വ്യവസ്ഥയെ സംബന്ധിച്ചുമാത്രമാണ് ഞാൻ സംസാരിക്കാനാഗ്രഹിക്കുന്നത്. ഞാൻ പ്രസ്തുത വിഷയസംബന്ധമായി ചെറിയ ഒരു വശത്തെ പറ്റി മാത്രമാണ് സ്പർശിക്കുന്നത്. ഇസ്‌ലാമിന്റെ യഥാർത്ഥഅദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിസ്ഥാന സാമ്പത്തിക തത്വങ്ങളെ സംബന്ധിച്ച ചില വസ്തുതകൾ മാത്രം പ്രതിപാദിക്കുന്നതാണ്.

ഇന്ന് ലോകത്ത് മിക്കവാറും ഇസ്‌ലാം തീവ്രവാദ



*The truth is that, just as it does in every issue, Islam teaches that all economic matters should be carried out with wisdom and due consideration.*

ത്തിന്റെയും ബലപ്രയോഗത്തിന്റെയും മതമാണെന്ന വിശ്വാസവും ധാരണയുമാണുള്ളത്. ഇസ്‌ലാമിക അധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തിക വ്യവസ്ഥയെകുറിച്ച് പ്രതിപാദിക്കുമ്പോൾ ഒരു പക്ഷേ പലരും ധരിക്കുക ദൈവത്തിന്റെ നാമത്തിൽ ചില നിഷിപ്ത താൽപര്യങ്ങൾ നിറവേറ്റാൻ ഒരു ഉപാധി മാത്രമാണ് എന്നാണ് അതായത് ഇസ്‌ലാമികമായ സാമ്പത്തിക മാതൃക ബലപ്രയോഗത്തിന്റേയും നിർബന്ധത്തിന്റേയും അടിസ്ഥാനത്തിലുള്ളതായിരിക്കും. ഇതിനെ സംബന്ധിച്ച് എനിക്ക് ആദ്യമായി പറയാനുള്ളത് ഇത് തികച്ചും തെറ്റാണ് എന്നാണ്. യാഥാർത്ഥ്യം ഇതിന്ന് നേർവിപരീതവുമാണ്. അത്തരത്തിലുള്ള തെറ്റിദ്ധാരണ ഉണ്ടാവാനുള്ള കാരണം നിരവധി മുസ്‌ലിം മതപണ്ഡിതന്മാർക്ക് യഥാർത്ഥ ഖുർആനിക അദ്ധ്യാപനങ്ങളെ പറ്റി അറിവില്ല എന്നത്കൊണ്ടാണ്. ഇക്കാരണത്താൽ ഇസ്‌ലാമിനെ പറ്റി തികച്ചും തെറ്റായ ഒരു ചിത്രമാണ് അമുസ്‌ലിം ലോകത്തിന്നു മുമ്പിൽ സമർപ്പിക്കപ്പെടുന്നത്. അതിൽ കൂടുതലായി ദുഖകരമായ ഒരു കാര്യം മുസ്‌ലിംകളിൽപ്പെട്ട സ്വാർത്ഥമതികളായ ഒരു ചെറിയ വിഭാഗം ന്യൂനപക്ഷം അവരുടെ വ്യക്തിതാൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടികൂടിയാണ്. ഇസ്‌ലാമിനെ ഈ വിധം ചിത്രീകരിക്കുന്നത് അവർ തങ്ങളുടെ ദുരയുടെയും ആസക്തിയുടെയും ശമനത്തിന്ന് വേണ്ടി ഇസ്‌ലാമികാദ്ധ്യാപനങ്ങളെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയും അതുകാരണമായി ഇസ്‌ലാമിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അവരുടെ ജുഗുപ്സാവഹമായ ചെയ്തികൾ ഇസ്‌ലാമിന്റെ പരിശുദ്ധനാമത്തെ കളങ്കപ്പെടുത്തുന്നു. സത്യമെന്താണെന്ന് വെച്ചാൽ എല്ലാ കാര്യങ്ങൾക്കും ഇസ്‌ലാം യുക്തിപരവും ന്യായവുമായ വിശദീകരണങ്ങൾ നൽകുന്നു അത് പൂർണ്ണമായും ബുദ്ധിപരവും നീതിയുക്തവുമാണ്. യാഥാർത്ഥ്യമിതാണ് എല്ലാ കാര്യത്തിലുമെന്നപോലെ എല്ലാ സാമ്പത്തിക ഇടപാടുകളും വിവേകത്തോടും ആലോചനാപൂർവ്വവുമായിരിക്കണം. ഞാൻ വിശുദ്ധ ഖുർആനിൽ നിന്നുള്ള ഒരു അടിസ്ഥാനതത്വം ഉദ്ദരിക്കട്ടെ. അല്ലാഹു പറയുന്നു:

ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്ക്‌വേണ്ടി സൃഷ്ടിച്ചവനാണവൻ (2:30)

ഖുർആൻ പറയുന്നത് ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളതെല്ലാം മനുഷ്യവംശത്തിന്റെ നന്മക്ക് വേണ്ടിയാണ് എന്നാണ്. പ്രാഥമികമായി ഒരു രാജ്യം പ്രകൃതിവിഭവങ്ങളാൽ അനുഗ്രഹീതമായിട്ടുണ്ടെങ്കിൽ അത്




ആ രാജ്യത്തെ ജനങ്ങളുടെ നന്മക്ക് വേണ്ടിയുള്ളതാണ്. ഈയൊരു സാദ്ധ്യതയെ ഇസ്‌ലാം കൂടുതൽ വിശാലമായ ഒരു വൃത്തത്തിലേക്ക് വിപുലീകരിച്ചുകൊണ്ട് പറയുന്നത്, നാം നമ്മുടെ അയൽപക്കത്തെയും ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യണമെന്നാണ് അയൽപക്കത്തെ ഖുർആൻ നിർവ്വചിക്കുന്നത്. നിങ്ങളുടെ ഏറ്റവും അടുത്ത അയൽക്കാരനെയാണ്. അതായത് നിങ്ങളുടെ സഹപ്രവർത്തകൻ, നിങ്ങളുടെ സഹയാത്രികൻ മുഹമ്മദ് നബി(സ) അയൽപക്ക വീടിനെ നിങ്ങളുടെ വീടിന്ന് ചുറ്റുമുള്ള 40 വീടുകൾവരെ അത് വിപുലീകരിച്ചിട്ടുണ്ട്. അത് അയൽപക്കനഗരങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കാം. ഇതിന്റെ വിശാലത ഭാവനയിൽ കാണാവുന്നതാണ്. ഒരു വശത്ത് ദൈവം ഒരു രാജ്യത്തിന്ന് നൽകിയ വിഭവങ്ങളുടെ ഫലങ്ങൾ കൊയ്തെടുക്കുമ്പോൾ മറുവശത്ത് ദരിദ്രരായ ജനങ്ങളേയും രാജ്യങ്ങളേയും അവർ സഹായിക്കേണ്ടതാണ്. അത്തരം വിഭവങ്ങൾ വ്യക്തിപരമായ താൽപര്യങ്ങളില്ലാതെ സ്വാർത്ഥരഹിതമായി വിനിയോഗിക്കണം. ആസക്തി രഹിതവും ആഗ്രഹരഹിതമായും യാതൊരു വിധ പക്ഷപാതിത്വങ്ങളുമില്ലാതെയായിരിക്കണം അത് വിനിയോഗിക്കേത്.

നാം പ്രകൃതിയെ നിരീക്ഷിക്കുകയാണെങ്കിൽ പ്രകൃതി വിഭവങ്ങൾ വിന്യസിച്ചുകൊണ്ട് എപ്രകാരമാണ് അത് സമ്പന്നമാക്കപ്പെട്ടിരിക്കുന്നത് എന്ന് കാണാൻ സാധിക്കും. അവയോരോന്നും തന്നെ ലോകത്തിന്റെ സാമ്പത്തിക ശ്രേയസ്സിന്ന് നിർവ്വഹിക്കുന്ന പങ്കും നമുക്ക് കാണാൻ സാധിക്കും. ഉദാഹരണത്തിന്ന് സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിൽ പർവ്വതങ്ങൾ വഹിക്കുന്ന പങ്ക് നമുക്കറിയാം. ഇപ്പോൾ ഭൂഗർഭത്തിലുള്ള പ്രകൃതി വിഭവങ്ങളെ പറ്റിയും നമുക്കറിയാം. ഉദാഹരണത്തിന്ന് ഭൂമിക്കടിയിൽ അമൂല്യമായതും അത്യധികം വിലപിടിപ്പുള്ളതുമായ ആഭരണക്കല്ലുകളും ധാതുക്കളും കാണപ്പെടുന്നു. അതുപോലെ

*Islam says that a country's resources form the national wealth, and so they should be used to serve every class and every segment of society.*

വമ്പിച്ച സമ്പത്ത് നിരന്തരം പ്രദാനം ചെയ്യുന്ന എണ്ണ നിക്ഷേപങ്ങളും നാം കാണുന്നു. കൂടാതെ നിറഞ്ഞൊഴുകുന്ന നദികളും നാം കാണുന്നു. തീർച്ചയായും ജലം അനർഘമായ ഒരു അടിസ്ഥാനവിഭവമാണ്. അത് എക്കാലത്തും മനുഷ്യന്ന് ആവശ്യമുള്ള ഒരു വസ്തുവാണ്. തീർച്ചയായും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കാണുന്ന ദീർഘകാലത്തെ ജലദൗർലഭ്യം ഗുരുതരമായതും നിർഭാഗ്യകരവുമാണ്. എന്തായാലും ഇപ്രകാരമാണ് ലോകത്തിലുടനീളം സർവ്വശക്തനായ ദൈവം വിഭവങ്ങൾ വിന്യസിച്ചിരിക്കുന്നത്. ഇസ്‌ലാമിന്റെ അദ്ധ്യാപനമെന്താണെന്ന് വെച്ചാൽ ഈ ആഗോള വിഭവങ്ങളും സമ്പത്തുമെല്ലാം മനുഷ്യവംശത്തിന്റെ കൂട്ടുസ്വത്താണ് എന്നാണ്. അതുകൊണ്ട് ഈ അനുഗ്രഹങ്ങളെല്ലാം ജനങ്ങൾക്ക് പൊതുവായുള്ളതാണ്. ആയതിനാൽ അതിന്റെ ഗുണം എല്ലാവർക്കും ലഭ്യമാകണം ഭൂമിയുടെ അകത്തും പുറത്തുമായി അല്ലാഹു നൽകിയിട്ടുള്ള ഈ വിപുലമായ വിഭവങ്ങൾ ഏതാനും ചില തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് മാത്രം അനുഭവിക്കാനുള്ളതല്ല. ലോകത്തിന്റെ എല്ലാ ഭാഗത്തും വസിക്കുന്ന ജനങ്ങളിൽ ഓരോരുത്തരുടെയും നന്മക്കുള്ളതായിരിക്കണം.

ദൈവത്തിന്റെ ആ അനുഗ്രഹങ്ങൾ അനുഭവവേദ്യമാക്കാൻ മുതൽ മുടക്കുകയോ സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗിക്കുകയോ ചെയ്യുന്നവരുണ്ട്. തീർച്ചയായും ചില നേട്ടങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കാൻ അവർക്ക് അവകാശമുണ്ട്. അത്തരം പ്രകൃതിവിഭവങ്ങൾ വേർതിരിച്ചെടുത്ത് മനുഷ്യന്ന് ഗുണപ്രദമായി ഉപയോഗ്യമാക്കാൻ വേണ്ടി നവീനവും എളുപ്പത്തിലുള്ളതുമായ സാങ്കേതികവിദ്യകളും മെഷീനുകളും വികസിപ്പിച്ചെടുക്കുന്ന ശാസ്ത്രജ്ഞന്മാരും ഇവിടെയുണ്ട്. തീർച്ചയായും അത്തരം ശ്രമങ്ങൾക്കുള്ള പ്രതിഫലവും അവർക്ക് ലഭ്യമാകണം. ഇന്നത്തെ സമകാലീനസാഹചര്യത്തിൽ അത്തരം തൊഴിലാളികൾക്ക് അർഹമായ ശമ്പളവും ജോലി സാഹചര്യവും ലഭ്യമാക്കൽ ഭരണകൂടങ്ങളുടെയും ചുമതലയാണ്. അത്തരത്തിൽ ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം കഴിയുന്നത്ര കുറച്ചുകൊണ്ട് കൊണ്ടുവരാൻ സാധിക്കും. തൊഴിലും മറ്റ് ആനുകൂല്യങ്ങളും നൽകുക എന്നത് ധനികരായ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും കൂടി കടമയാണ്. അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള അല്പം പണം അനുവദിച്ച ധനികരായ ആളുകളുടെ സ്വത്തുക്കൾ അവരിൽ നിന്ന് ബലമായി പിടിച്ചെടുക്കാൻ സോഷ്യലിസം അനുശാസിക്കുന്നത് പോലെ ഇസ്‌ലാം പറയുന്നില്ല. തൊഴിലാളിയും തൊഴിൽദായകനും ഒരുപോലെ സമന്മാരാകണമെന്ന വ്യവസ്ഥയും ഇസ്‌ലാം മുന്നോട്ടുവെക്കുന്നില്ല. ഒരു രാജ്യത്തിന്റെ വിഭവങ്ങളാണ് അതിന്റെ ദേശീയ സമ്പത്ത് രൂപീകരിക്കുന്നത്. അതിനാൽ അത് എല്ലാ ജനവർഗ്ഗങ്ങളിലും എല്ലാ ജനവിഭാഗങ്ങളിലുംപെട്ട ആളുകൾക്ക് സേവനത്തിന്നുതകണം. രാജ്യത്തിന്റെ സമ്പത്തിന്ന് രാജ്യത്തെ എല്ലാ പൗരന്മാരുടെയും അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്താൻ കഴിയണം.

ഉദാഹരണമായി ഇസ്‌ലാമികാദ്ധ്യാപന പ്രകാരം സമൂഹത്തിലെ ഓരോ കുട്ടിക്കും അവന്റെ



God has endowed the world with an array of natural resources which are fundamental in economic progress. Photo: The Port of Singapore is the world's second busiest port. Singapore imports huge amounts of resources from around the world, a necessity for its economic boon.

പാശ്ചാത്തലം ഏതൊന്നാവട്ടെ ശരിയായ വിദ്യാഭ്യാസം നൽകണം അങ്ങിനെ അവർ സമൂഹത്തിൽ ഏതെങ്കിലും വൈദഗ്ദ്യം നേടിയവരും ഉപകാരപ്രദമായവരുമായിതീരണം. അതുപോലെ മറ്റു ജീവിതസൗകര്യങ്ങളും എല്ലാവർക്കും ഒരുപോലെ നൽകപ്പെടണം. സമകാലീനലോകത്തെ ഭരണസംവിധാനങ്ങൾ ഇതെല്ലാം വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഇസ്ലാമിക അദ്ധ്യാപനങ്ങളുടെയത്രത്തോളം അവയൊന്നും വരുന്നില്ല. ഇസ്ലാം ഒരു ചുവടുകൂടി മുന്നോട്ട്വെച്ച് കൊണ്ട് പറയുന്നത് നിങ്ങൾ സ്വയംതന്നെ സഹായിച്ചാൽ മാത്രം പോര നിങ്ങളുടെ അയൽക്കാരനേയും സഹായിക്കണം എന്നാണ് അതായത് രാജ്യങ്ങൾ അവരുടെ സമ്പത്ത് അയൽരാജ്യങ്ങളുടെ ക്ഷേമത്തിന്നായി ചിലവഴിക്കണം. ഏതെങ്കിലും ഒരു രാജ്യത്തിന്ന് വിഭവദൗർലഭ്യം അനുഭവപ്പെടുന്നുവെങ്കിൽ അവർക്ക് അത് ലഭ്യമാക്കാൻ പിന്തുണക്കുക എന്നത് അടുത്ത രാജ്യത്തിന്റെ ബാദ്ധ്യതയാണ്. തീർച്ചയായും സഹായം നൽകേണ്ട രാജ്യങ്ങളുടെ വൃത്തം വിപുലമായികൊണ്ടേപോവും. ഒരു രാജ്യം തങ്ങളുടെ തൊട്ട അയൽപക്കത്തെ മാത്രം സഹായിച്ചാൽ പോര. ലോകം മുഴുക്കെയുള്ള ദരിദ്രരായ രാജ്യങ്ങളെയും അവർ സഹായിക്കാൻ ബാദ്ധ്യസ്ഥരാണ്.

ഞാൻ പറയാനാഗ്രഹിക്കുന്ന മറ്റൊരുകാര്യം സർവ്വശക്തനായ അല്ലാഹു വിവിധരാജ്യങ്ങൾക്ക് വിഭിന്നങ്ങളായ വിഭവങ്ങൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു അത്കൊണ്ട് ഒരു രാജ്യത്തിന്ന് അവരുടെ വിഭവങ്ങൾ തിരിച്ചറിഞ്ഞ് ഉപയോഗിക്കാനുള്ള സാങ്കേതികവിജ്ഞാനമോ വൈദഗ്ദ്യമോ ഇല്ലെങ്കിൽ അവരെ സഹായിക്കേണ്ടതാണ്. അത്തരം സഹായങ്ങൾ നൽകുന്നത് നിഷ്കളങ്കമായിട്ടായിരിക്കണം. സഹായദാതാക്കൾക്ക് അവരുടെ യാതൊരു നിക്ഷിപ്തതാൽപര്യങ്ങളും പൂർത്തീകരിക്കാനായിരിക്കരുത് ഇത്തരം സഹായങ്ങൾ നൽകുന്നത്. ഒരു പ്രത്യേക രാജ്യത്തോടുള്ള ചങ്ങാത്തമോ സഖ്യമോ മറ്റു രാജ്യങ്ങളെ സഹായിക്കുന്ന കാര്യത്തിൽ ഒരു വിഘാതമായി

*Alliances or friendships with particular nations should not be a determining factor in deciding whether to assist other countries. Favouritism of any kind should not occur – rather the goal should be to help others stand on their own two feet.*

നിന്നുകൂടാ. ഒരു രാജ്യത്തോടുള്ള ഏതെങ്കിലും വിധത്തിലുള്ള ആഭിമുഖ്യം മറ്റൊരു രാജ്യത്തെ അവരുടെ സ്വന്തം കാലിൽ നിൽക്കാനുള്ള ലക്ഷ്യത്തിന് സഹായകരമായിരിക്കണം. ഒരു രാജ്യം മറ്റൊരു രാജ്യത്തെ സഹായിക്കുമ്പോൾ സഹായം സ്വീകരിക്കുന്ന രാജ്യങ്ങളുടെ ചില ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്‌വരെയോ മറ്റൊരു മൂന്നാം കക്ഷി രാജ്യമായി ബന്ധം സ്ഥാപിക്കുന്നത് വരെയോ ആ രാജ്യവുമായുള്ള ഉഭയകക്ഷി കരാറിൽ അനീതിപരമായ ഉപാധികൾ വെക്കാൻ പാടുള്ളതല്ല. ദുർവ്വഹമായ ഉപാധികൾ വെച്ച്കെട്ടി ഒരു രാജ്യത്തിന്നും സാങ്കേതിക സഹായം നൽകാൻ പാടില്ല. അതായത് ഒരു രാജ്യത്തിന്ന് തങ്ങളുടെ സ്വന്തം വിഭവങ്ങളിൽ നിന്നും പൂർണ്ണമായും ഗുണം അനുഭവിക്കാൻ സാധിക്കാത്ത വിധം ഉപാധികൾ വെക്കാൻ പാടില്ല. ഒരു രാജ്യത്തെ സഹായിക്കുന്ന മറ്റൊരു രാജ്യത്തിന്ന് സഹായിക്കപ്പെടുന്ന രാജ്യത്തേക്കാൾ നേട്ടമുണ്ടാവാനും പാടുള്ളതല്ല. അത്തരം അനീതിപരമായ കാര്യങ്ങളെല്ലാം ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്കെതിരാണ്. അവയെല്ലാം അസ്വസ്തതകളിലേക്കും പ്രക്ഷോഭങ്ങളിലേക്കും നയിക്കും. ഇത്തരത്തിലാണ് കാര്യങ്ങൾ പോവുന്നതെങ്കിൽ അതുാക്കുന്ന മാനസിക വ്യഥയും തങ്ങളോട് അനീതി അനുവർത്തിക്കപ്പെട്ടു എന്ന ബോധവും തീർച്ചയായും ഒരുനാൾ അവരെ പിടികൂടുകയും അത് തുറന്ന ശത്രുതയിലേക്ക് ചെന്നെത്തുകയും ചെയ്യും. ഇങ്ങിനെ സംഭവിക്കാൻ അനുവദിക്കുകയാണെങ്കിൽ ഉഭയകക്ഷി രാജ്യങ്ങളുടെയും സമാധാനം നഷ്ടപ്പെടലായിരിക്കും ഫലം. പിന്നീട് അന്തർദേശീയ തലത്തിലും സമാധാന ഭംഗമുണ്ടാകുന്നു.

തീർച്ചയായും സമകാലീന ലോകം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്. സമ്പന്ന വർഗ്ഗം അവരുടെ സ്വത്ത് ന്യായമായും ഉചിതമായും വിനിയോഗിച്ചിരുന്നുവെങ്കിൽ ഇന്ന് കാണുന്ന രീതിയിൽ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം ലോകത്ത് ഒരിടത്തും ഉാകുമായിരുന്നില്ല. അന്തർദേശീയതലത്തിൽ പാവപ്പെട്ട രാജ്യങ്ങളെ സഹായിക്കും വിധം എല്ലാ സമ്പത്തും ശരിയായ രീതിയിൽ ലോകത്ത് വിതരണം ചെയ്തിരുന്നെങ്കിൽ ഇന്ന് കാണുന്ന വിധത്തിൽ രാജ്യങ്ങൾ തമ്മിലുള്ള അസമത്വങ്ങളും സംഘർഷങ്ങളും വർദ്ധിച്ചു വരില്ലായിരുന്നു. ലോകത്തിലെ ദരിദ്രജനതകളെ സഹായിക്കാനും പിന്തുണക്കാനും ഒരുപാട് സംഘടനങ്ങൾ രൂപീകൃതമായിട്ടുണ്ട്. ലോകത്ത് നിന്നും ദാരിദ്ര്യവും വിശപ്പും തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്ര സഭക്ക് കീഴിൽ നിരവധി സംഘടനകൾ രൂപീകൃതമായിട്ടുണ്ട്. ഐക്യരാഷ്ട്രസഭ രൂപീകരിച്ച് അറുപത് വർഷം കഴിഞ്ഞിട്ടും പാവപ്പെട്ട രാജ്യങ്ങൾ ദരിദ്രരായും പട്ടിണിക്കാരായും തന്നെ നാം കാണുന്നു എന്നത് ദുഃഖകരമാണ്. അതേ സമയം വികസിതരാജ്യങ്ങൾ സമ്പന്നരായും ശക്തിശാലികളായും നിലകൊള്ളുക




യും ചെയ്യുന്നു. മനുഷ്യസമൂഹത്തിന് ദൈവം നൽകിയ വിഭവങ്ങളിൽ നിന്നുള്ള സമ്പത്ത് സംയോജിതമായി ഉപയോഗിക്കാനുള്ളതാണ്. ഈയൊരു തത്വം ലോകം മനസ്സിലാക്കാത്തതാണ് സ്ഥിരമായ അസമത്വത്തിന്റെ അടിസ്ഥാന കാരണം എന്ന് ഇസ്‌ലാം വിശദീകരിച്ചുകഴിഞ്ഞു.

ഇന്നത്തെ ലോകത്ത് അവികസിത രാജ്യങ്ങളിലെ ജനങ്ങൾ മാത്രമല്ല വികസിത രാജ്യങ്ങളിലെ ജനങ്ങൾപോലും സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കഷ്ടതകൾ സഹിക്കേണ്ടിവരുന്നു. അതാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് സംഭവിക്കുന്നത് രാജ്യങ്ങൾ അവരുടെ വമ്പിച്ച സമ്പത്തും വിഭവങ്ങളും ശരിയായ മാർഗ്ഗത്തിൽ വിനിയോഗിക്കാത്തത് കൊണ്ടാണ്. അവരുടെ സമ്പത്ത് ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്ന് പകരം അനാവശ്യമായ ആഢംബരവസ്തുക്കൾക്കും അമിത ഭോഗത്തിന്നും വേണ്ടി ഉപയോഗിക്കപ്പെടുന്നു. യൂറോപ്യൻ രാജ്യങ്ങളിലേക്ക് നോക്കൂ അവിടെ സമ്പന്ന രാജ്യങ്ങളുടെയത്ര സാമ്പത്തിക ശേഷി ഇല്ലാത്ത ചില രാജ്യങ്ങൾ അവരുടെ സമ്പന്നരായ അയൽ രാജ്യത്തെ അനുകരിക്കാൻ ശ്രമിച്ചതിന്റെ ഫലം നാം കാണുന്നു. അവർ കരുതലോടെ തങ്ങളുടെ കാൽചുവടുകൾ വെക്കുന്നതിന്ന് പകരം തങ്ങളുടെ അയഥാർത്ഥമായ ചില ആഗ്രഹങ്ങളും ശമനത്തിന്നായി തങ്ങളുടെ സാമ്പത്തിക പരിധി വിട്ട് ചിലവഴിക്കാൻ തുടങ്ങി. അതിന്റെ ഫലമാണ് ഇപ്പോൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു പരിധിവരെ യൂറോപ്യൻ യൂണിയനിൽപ്പെട്ട മറ്റു രാജ്യങ്ങൾ അവരെ സഹായിക്കുന്നുണ്ട്. സാമ്പത്തികക്ഷയം ബാധിച്ച ഈ രാജ്യങ്ങളെ എത്രകാലം അവർക്ക് സഹായിക്കാൻ കഴിയും എന്ന പ്രശ്നം അവർ പര്യലോചിക്കുകയും അതിനെപറ്റി ചോദ്യങ്ങൾ ഉന്നയിക്കാനും തുടങ്ങിയിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന സംഘർഷത്തിന്നു പ്രശ്നങ്ങൾക്കുള്ള മൂലകാരണം ഇരുഭാഗത്തുനിന്നും ഉണ്ടാവുന്നതാണെന്ന് നാം കാണുന്നു. ഒരു വശത്ത് സഹായം ചോദിക്കുന്നവർ അയുക്തികമായ ആവശ്യങ്ങളാണ് ചോദിക്കുന്നത്. മറുവശത്ത് സമ്പന്നരാജ്യങ്ങൾ വലിയ ഒരു നന്മക്കായി ആവശ്യമായ സാമ്പത്തിക ത്യാഗങ്ങൾക്ക് സന്നദ്ധരുമല്ല. ഈ രണ്ട് ഘടകങ്ങളും ഇപ്പോഴത്തെ സാഹചര്യത്തെ കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുകയാണ്.

നന്മ പുലരാനായി ഇസ്‌ലാം ഉപദേശിക്കുന്നതെ

*On the one hand, those requesting help have made unreasonable demands, whilst on the other side, the wealthier nations have not been willing to make necessary sacrifices for the greater good.*

ന്തെന്നാൽ മഹത്തായ നന്മക്കായി ഇരുകൂട്ടരുടെയും ഭാഗത്ത് നിന്നും സംയോജിതമായ പ്രവർത്തനമുണ്ടാകുമ്പോൾ മാത്രമേ ശാന്തിയും സൗഹൃദവും പുലരുകയുള്ളൂ എന്നാണ്. പാവങ്ങൾ അവരുടെ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കുകയും കഠിനപരിശ്രമത്തിലൂടെ അവരുടെ വിഭവങ്ങളിൽ നിന്നും സമ്പത്തിൽ നിന്നും നേട്ടങ്ങളുണ്ടാക്കുകയുംവേണം. മറുവശത്ത് തങ്ങളുടെ സഹോദരീ സഹോദരന്മാരെ സഹായിക്കാൻ സന്തോഷപൂർവ്വം സമ്പന്നന്മാർ ഒരു യഥാർത്ഥ സാമ്പത്തിക ത്യാഗം പ്രകടിപ്പിക്കുകയും വേണം. അവരുടെ വിഭവങ്ങളും സമ്പത്തുമെല്ലാം നൽകിയത് അല്ലാഹുവാണെന്ന് അവർ മനസ്സിലാക്കണം. ആയതിനാൽ അവരുടെ സ്രഷ്ടാവിനോടുള്ള കടമകൾ അവർ പൂർത്തിയാക്കേതുണ്ട്. ഏറ്റവും ദുഃഖകരമായ കാര്യം ഇത്തരം ഉദാത്തമായ ആശയങ്ങൾ ആർക്കാണോ നൽകപ്പെട്ടത് ആ മുസ്‌ലിം ലോകത്ത്പോലും ഇതൊന്നും ഇന്ന് പ്രാവർത്തികമാകുന്നില്ല. അമുസ്‌ലിം ലോകത്തും ഇവ നടപ്പാകുന്നില്ല. ഇസ്‌ലാമികേതര രാജ്യങ്ങൾ ജനങ്ങളുടെ അവകാശങ്ങൾ നിറവേറ്റപ്പെടുന്നവരാണ് തങ്ങൾ എന്നാണ് വലിയ വായിൽ പെരുമ്പറയടിക്കുന്നത്.

തീർച്ചയായും വികസിത രാജ്യങ്ങളിൽ പോലും വിശപ്പും ദാരിദ്ര്യവും സഹിക്കുന്ന പതിനായിരങ്ങൾ ജീവിക്കുന്നുണ്ട്. ഞാൻ ഉപസംഹരിക്കട്ടെ ഇത് വലിയ തോതിൽ വിശാലമായൊരു വിഷയമാണ്. ഈ ബൃഹത്തായ വിഷയത്തിന്റെ ഒരു ഭാഗത്തുള്ള ഒരു ചെറിയ വശം മാത്രമാണ് ഞാൻ ഇവിടെ പ്രതിപാദിച്ചത്. തീർച്ചയായും ലോകത്ത് ഒരാൾക്ക് മറ്റൊരാളിനോടുള്ള കടമകളെപറ്റി ആലോചിക്കേ സമയം അതിക്രമിച്ചിരിക്കുന്നു. ലോകം ഇന്ന് ഒരു ആഗോളഗ്രാമമാണ്. നാമോരോരുത്തരും തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ അവിടെ കുഴപ്പങ്ങളുടെ വേരിറക്കമുണ്ടാകുകയും അത് അവസാനം വമ്പിച്ച വിപത്തിന്നും സർവ്വ നാശത്തിലുമായിരിക്കും കലാശിക്കുക. നാം ചരിത്രത്തിലേക്ക് തിരഞ്ഞു നോക്കുമ്പോൾ രണ്ട് ലോകമഹായുദ്ധങ്ങളിലേക്കും നയിച്ച മുഖ്യഘടകം അന്ന് നിലനിന്നിരുന്ന സാമ്പത്തിക സാഹചര്യമായിരുന്നു. നിങ്ങൾ അധിവസിക്കുന്ന ഈ ഭൂമേഖലയും യുദ്ധത്തിന്റെ കെടുതികൾ അനുഭവിച്ചിട്ടുണ്ട്. അത്തരം സാഹചര്യം ലോകത്ത് വീണ്ടും ആവർത്തിക്കുകയാണെങ്കിൽ ആർക്കായിരിക്കും നാശം വന്നുഭവിക്കുക എന്ന് പ്രവചിക്കാൻ വളരെ പ്രയാസമാണ് സർവ്വവിധ നാശത്തിൽ നിന്നും അപകടത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ എല്ലാവരുടെയും മുമ്പിൽ വസ്തുതകളും യാഥാർത്ഥ്യങ്ങളും സമർപ്പിച്ച് അഭ്യർത്ഥിക്കാൻ മാത്രമേ നമുക്ക് സാധ്യമാവൂ. ഞങ്ങൾ അതിന്നായി ശ്രമിക്കുകയും പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു. ഇത് ഭാവിതലമുറ നമ്മെ വിദ്വേഷപൂർവ്വം ആജ്ഞാലംഘകരായി നോക്കിക്കാണാതിരിക്കാൻ ഇത്തരം ശ്രമം വളരെ അത്യാവശ്യമാണ്. ഉപസംഹാരത്തിന്ന് മുമ്പായി നിങ്ങളുടെ സമയവും ശ്രമവും ചിലവഴിച്ച്കൊണ്ട് ഇവിടെ എത്തി ചേർന്ന നിങ്ങൾക്കെല്ലാവർ




ക്കും ഒരിക്കൽകൂടി ഞാൻ എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. വളരെയധികം നന്ദി.

---

First Published in "The Review of Religions" January 2014 VOL-109, Issue-One
Present Edition Published in India in May 2014
Copies: 20000

© **Islam International Publications Ltd.**

**Published By:** Nazarat Nashr-o-Isha'at, Sadr Anjuman Ahmadiyya Qadian,
Distt Gurdaspur, Punjab-143516, India.

**Printed in India at:** Fazle Umar Printing Press Qadian.
**ISBN: 978-93-83882-30-4**

**For further information please Visit:**
www.alislam.org | www.ahmadiyyamuslimjamaat.in | www.mta.tv
www.reviewofreligions.org
Noor-ul-Islam Toll Free Number: 1800-3010-2131